DESPATCHED
10.03/2020

14/1/20


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**

**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 2777(7)/2014**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *16929 /എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. പ്രണവ.കെ**
**മുട്ടിപ്പാലം**
**അരവൻകര**
**പൂക്കോട്ടൂർ പി.ഒ –676 517**
**മലപ്പുറം** } **പരാതി ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ**
**കാലിക്കറ്റ് യൂണിവേഴ്സിറ്റി**
**തേഞ്ഞിപ്പാലം**
**കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ**
**673 635**

2. **അപ്പീൽ അധികാരി**
**രജിസ്ട്രാർ**
**കാലിക്കറ്റ് യൂണിവേഴ്സിറ്റി** } **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരു കക്ഷികൾക്കും നോട്ടീസ് നൽകുകയും ഹാജരായ എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ നൽകിയ അപേക്ഷ സർവ്വകലാശാല രജിസ്ട്രാർ വഴി ലഭിച്ചപ്പോൾ ടി വിവരം ലഭിക്കാനുള്ള ഫീസ് നിർദ്ദിഷ്ട രൂപത്തിൽ അയച്ചില്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ഫീ അടയ്ക്കാൻ നിർദ്ദേശിച്ചുകൊണ്ട് അപേക്ഷകന് കത്തയച്ചുവെന്നും ഫീ ലഭിച്ചതിനെത്തുടർന്ന് ആവശ്യപ്പെട്ട ലഭ്യമായ വിവരങ്ങൾ എല്ലാം അപേക്ഷകന് അയച്ചുകൊടുക്കുകയും, രേഖകളുടെ പകർപ്പ് ലഭിക്കാൻ 164 രൂപ അടയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ ടി തുക നാളിതുവരെ അടയ്ക്കാത്തതിനാൽ പകർപ്പുകൾ അയച്ചുകൊടുത്തില്ലെന്നാണ് ബോധിപ്പിച്ചത്.

3. അപ്പീൽ ഹർജിയും, എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് ലഭ്യമായ മറുപടി നൽകിയതായി കാണുന്നതിനാലും, ഫീസ് അടയ്ക്കാത്തതിനാലാണ് പകർപ്പുകൾ നൽകാത്തതെന്ന എസ്.പി.ഐ.ഒ യുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)



res